മിസ്റ്റർ കെ. കെ. കണ്ണൻ: പുസ്തകങ്ങൾ ശരിയായിട്ട കൊടുക്കാത്തതുകൊണ്ടും കൂടി കൂടിയാണ് തോല്ക്കുവാൻ ഇടവരുന്നതെന്നുണ്ട്.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: പുസ്തകം കൊടുക്കുവാൻ താമസിക്കുന്ന കാരണം കൊണ്ടുമാത്രം ഇത്രയുംകാലം തോല്ക്കുണമെന്നില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ചിലപ്പോൾ Half yearly Examination അടുക്കുമ്പോഴാണ് പുസ്തകം കിട്ടുന്നതു്.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: മറ്റു സമുദായത്തിലുള്ള കുട്ടികൾ തോല്ക്കുന്നതുപോലെ മാത്രമേ അധഃകൃത കുട്ടികൾ തോല്ക്കുന്നതിനേയും കണക്കാക്കുവാൻ നിവൃത്തിയുള്ളൂ. ഒരു സംഗതിയുംകൂടി ഞാൻ ബഹുമാനപ്പെട്ട മെമ്പരുടെ ദൃഷ്ടിയിൽ കൊണ്ടുവരാം. കോളേജു ക്ലാസ്സുകളിൽ പ്രൊട്ടക്ടർ ഉദ്ദേശിച്ചതിൽ കൂടുതൽ വിദ്യാർത്ഥികൾ വന്നതുകൊണ്ടു്, ആ കൂടുതൽ കുട്ടികൾക്കുകൂടി സൌജന്യം അനുവദിക്കേണ്ട കാര്യം വന്നപ്പോൾ ഇത്ര കുട്ടികൾക്കുമാത്രം കൺസെഷൻ മതിയെന്നു വെച്ചില്ല. കൂടുതലായി വന്ന കുട്ടികൾക്കും കൺസെഷൻ അനുവദിച്ചു. ഈ മാതിരി ചിലവുകൾക്കു പണം അധികം വേണ്ടിവരുന്നതുകൊണ്ടു ന്യായമായി കുറക്കാവുന്ന ചിലവുകൾ ചുരുക്കേണ്ടതു ആവശ്യമാണു്. സമുദായത്തിന്റെ വിദ്യാഭ്യാസാഭിവൃദ്ധിയെ ആലോചിച്ചു്, അവരിൽ ഏതാനുംപേരുടെ കാര്യം മാത്രം നോക്കി ഈ സംഗതിയിൽ ഗവണ്മെണ്ടിനെ നിർബ്ബന്ധിക്കുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. പിന്നെ അധഃകൃത വിദ്യാർത്ഥികൾക്കു് ബുദ്ധിയില്ലെന്നുള്ള ധാരണ ഗവണ്മെണ്ടിനില്ല. വേറെ ആക്ഷേപം ഉണ്ടെന്നും തോന്നുന്നില്ല. അവരിലും ബുദ്ധിയുള്ള കുട്ടികൾ ഉണ്ടു്. ബുദ്ധിയില്ലാത്ത കുട്ടികൾ എല്ലാ സമുദായത്തിലും ഉണ്ടാകാവുണ്ടു്. അവരെയെല്ലാം പ്രോത്സാഹിപ്പിച്ചുകൊണ്ടുവരണമെന്നാണു് ഗവണ്മെണ്ടിന്റെ ഉദ്ദേശം. അതുകൊണ്ടാണു് ഈ ആനുകൂല്യം ഒരുകൊല്ലത്തിനു് പകരം രണ്ടുകൊല്ലം വെച്ചിട്ടുള്ളതു്. രണ്ടുകൊല്ലം തോല്ക്കുന്നവർ മുന്നുകിൽ ബുദ്ധിയില്ലാത്തവരോ, അല്ലെങ്കിൽ പഠിക്കുവാനുള്ള ശ്രദ്ധയില്ലാത്തവരൊ ആയിരിക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായ സംഗതികൾ ഗവണ്മെണ്ടു് ധരിച്ചുകഴിഞ്ഞു. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ ഗവണ്മെണ്ടിന്റെ ഒരു ഉറപ്പിക നഷ്ടപ്പെട്ടത്തരുതു് എന്നു മാത്രമേ പറയുവാനുള്ളൂ.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, എനിക്കു് ഗവണ്മെണ്ടിന്റെ ഒരു ഉറപ്പിക നഷ്ടപ്പെട്ടത്തണമെന്നു് ഉദ്ദേശമില്ല. അതു് ഗവണ്മെണ്ടിനും വലിയൊരു നഷ്ടമായിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല. പക്ഷെ, ഒരു ഉറപ്പികയുടെ കട്ടുമോഷൻ കൊണ്ടുവന്നിട്ടുള്ളതു് വാസ്തവത്തിൽ അധഃകൃത വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തിൽ നേരിടുന്ന കഷ്ടപ്പാടുകളെ ഗവണ്മെണ്ടിനെ ധരിപ്പിക്കുവാൻവേണ്ടി മാത്രമാണു്. ഞാൻ അധഃകൃത വിദ്യാർത്ഥികളുടെ ആരോഗ്യസംബന്ധമായ കാര്യങ്ങളെപ്പറ്റിയും മറ്റും ഇവിടെ പറഞ്ഞിട്ടുള്ളതു് ഒരു പരമാർത്ഥമാണു്. അതുപോലെതന്നെ പുസ്തകം കിട്ടാത്ത വിഷമതയും ഉണ്ടു്. അങ്ങിനെ തുടച്ചയായിട്ടുള്ള ബുദ്ധിമുട്ടുകൾ അധഃകൃത വിദ്യാർത്ഥികൾക്കു് ഉണ്ടായികൊണ്ടിരിക്കുന്നതുകൊണ്ടാണു് അധഃകൃത വിദ്യാർത്ഥികൾ കൂടുതലായി തോല്ക്കുവാൻ ഇടവരുന്നതു്. ഏതായാലും ഈ കാര്യത്തിൽ ഒരു ഭേദഗതി ചെയ്താൽ നന്നായിരിക്കുമെന്നു് വിചാരിച്ചു്, ഗവണ്മെണ്ടു് ഈ സംഗതി പുനരാലോചിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് സഭയുടെ അനുവാദത്തോടുകൂടി ഈ കട്ടുമോഷൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

(vi) Age limits for students for passing the III form and S. S. L. C. Examination—Relaxation of

മിസ്റ്റർ കെ. കെ. കണ്ണൻ: To reduce the allotment of Rs. 62,19,604 for Education in Demand No. 23 by—Re. 1.

(To discuss the emergent necessity of taking away the age-limit that students should pass III Form and S. S. L. C. Examinations within the age of 16 and 20 respectively)

സർ, ഈ പ്രമേയത്തിൽ പറയുന്നതായിട്ടുള്ള സംഗതി വളരെ പ്രാധാന്യം അർഹിക്കുന്നുണ്ടെന്നു പറയാതെ തരമില്ല. ഫസ്റ്റു വയസ്സിനുള്ളിൽ ഏഴാംക്ലാസ്സും, ടൂ വയസ്സിനുള്ളിൽ പത്താംക്ലാസ്സും പാസ്സായിരിക്കണമെന്നുള്ള നിയമംമൂലം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടു നേരിടുന്നതു് വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നു് പറയാതെ തരമില്ല. സാധാരണയായി വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന സമുദായത്തിൽപ്പെട്ട ആളുകൾ അവരുടെ കുട്ടികളെ വിദ്യാലയങ്ങളിൽ കൊണ്ടുപോയി ചേക്കുന്നതു് ഏഴുവയസ്സിലും, എട്ടുവയസ്സിലും മറ്റുമാണു്. അഞ്ചുവയസ്സിൽ കുട്ടികളെ വിദ്യാലയങ്ങളിൽ കൊണ്ടുപോയി ചേക്കുകയാണു് ചെയ്യേണ്ടതെങ്കിലും, സാധുക്കളായിട്ടുള്ളവർ അങ്ങിനെ പ്രവൃത്തിക്കാറില്ല. ആ നിയമം ശരിക്കു മനസ്സിലാക്കുവാനുള്ള സാഹചര്യമില്ലാത്തവരാണു് ഇന്നു് അധഃകൃതരിലും, ബാക്കു്വേഡ് കമ്മ്യൂണിറ്റിയിലും ഉള്ള അധികം ആളുകളും. അങ്ങിനെ ഈ നിയമം അറിയാത്തവരായ ആളുകൾ അവരുടെ കുട്ടികളെ കൊണ്ടുപോയി സാധാരണ ഏഴും, എട്ടും വയസ്സിലാണു് വിദ്യാലയങ്ങളിൽ ചേക്കാറുള്ളതു്. തൻമൂലം ആ കുട്ടികളിൽ പലർക്കും നിശ്ചിത കാലത്തിനുള്ളിൽ പാസ്സാകുവാൻ സാധിക്കുകയില്ലെന്നുള്ളതു് തീച്ചയാണു്. വിദ്യാലയങ്ങളിൽ അധികവും പഠിക്കുന്നതു് പിന്നോക്കസമുദായത്തിൽപ്പെട്ടവരും, ദരിദ്രരുമാണു്. എന്നാൽ ദരിദ്രന്മാരെ ഏറ്റവും വിഷമിപ്പിക്കുന്ന ഒരു നിയമമാണു് ഇതെന്നു പറയാതെ തരമില്ല. പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതവും, സൌജന്യവുമാക്കിത്തീർക്കണമെന്നുള്ള ഒരു നിയമം അടുത്തുതന്നെ വരാൻപോകുന്നു. അങ്ങിനെ വിദ്യാഭ്യാസത്തിൽ ഈ നാട്ടിലുള്ള ആളുകൾക്കു് ഏതെല്ലാം വിധത്തിലുള്ള സൌകര്യങ്ങളാണു വേണ്ടതെന്നുവെച്ചാൽ അതു ചെയ്തുകൊടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ, അതിനെ തികച്ചും മറക്കുന്നതായിട്ടുള്ള ഒരു നിയമമാണു് ഇതെന്നു് പറയാതെ തരമില്ല. ഞാൻ മുമ്പു് പറഞ്ഞതുപോലെ തന്നെ അധഃകൃത വിദ്യാർത്ഥികൾക്കും, ദരിദ്രരായ മറ്റു കുട്ടികൾക്കും ശരിയായ ഭക്ഷണം കിട്ടായ്ക, തൻമൂലം രോഗബാധിതരായി അവരുടെ ആരോഗ്യം ക്ഷയിക്കുക. ഇങ്ങിനെ വരുമ്പോഴും വിദ്യാഭ്യാസത്തിൽ അവർ വളരെ പിന്നോക്കം പോകാതെ തരമില്ല. അതുകൊണ്ടു് ഫസ്റ്റു വയസ്സിനുമുമ്പു് ഏഴാംക്ലാസ്സും, ൬ വയസ്സിനുള്ളിൽ പത്താംക്ലാസ്സും പാസ്സാവുകയെന്നുള്ളതു ദരിദ്രന്മാരെ സംബന്ധിച്ചിടത്തോളം മിക്കവാറും അപ്രായോഗികമാണു്. ബുദ്ധിശാലികളായിട്ടുള്ള കുട്ടികൾക്കു മാത്രമേ ഈ നിശ്ചിത സമയത്തിനുള്ളിൽ പാസ്സാകുവാൻ സാധിക്കുകയുള്ളുവെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടു് ഈ നിയമം എടുത്തുകളയണമെന്നു് ബഹുമാനപ്പെട്ട ഗവൺമെണ്ടിനെ നിർബ്ബന്ധിക്കാതെ നിവൃത്തിയില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പരിപൂർണ്ണമായി അനുകൂലിക്കുന്നു. ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടുവന്നതിൽ ഞാൻ മാന്യസ്നേഹിതനായ മിസ്റ്റർ കണ്ണനെ അനുമോദിക്കുന്നു. എനിക്കു് ഇതിനെക്കുറിച്ചുള്ള വിവരം കിട്ടിയ അവസരത്തിൽ ഈ നിയമസഭയിൽ നിവേദനം ചെയ്യാനുള്ള അവസരം കഴിഞ്ഞുപോയതുകൊണ്ടാണു ഞാൻ ഇതിനു വേണ്ട നടപടി എടുക്കാതെയിരുന്നതു്. എങ്കിലും ഇപ്പോഴും അതിനാവസരം കിട്ടിയതിനു മിസ്റ്റർ കണ്ണനെ ഞാൻ അനുമോദിക്കുന്നു. യഥാർത്ഥത്തിൽ ഇങ്ങിനെ ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു് എന്തൊരു ഉദ്ദേശത്തോടുകൂടിയായിരുന്നാലും ശരി ഇന്നു വിദ്യാഭ്യാസത്തിൽ പിന്നണിയിൽ നില്ക്കുന്ന ചില സമുദായങ്ങൾക്കു് വിദ്യാഭ്യാസത്തിനുള്ള പ്രോത്സാഹനം ഗവൺമെണ്ടു കൊടുക്കുന്നുണ്ടെങ്കിൽ അതു്, ഒരു കൈകൊണ്ടു് കൊടുക്കുന്ന ദാനം മറ്റെ കൈകൊണ്ടു് എടുത്തുകളയുന്ന ഒരു ഫലമായിരിക്കും ഈ നിയമം കൊണ്ടുണ്ടാവുക. മുസ്ലീം സമുദായത്തെത്തന്നെ എടുത്തു നോക്കുന്ന പക്ഷം, അവർ അവരുടെ കുട്ടികൾക്കു മതവിദ്യാഭ്യാസം കൊടുത്തു കഴിഞ്ഞതിനുശേഷമാണു് വിദ്യാഭ്യാസത്തിനായി സ്കൂളിലേയ്ക്കു പറഞ്ഞയക്കുക. ഇപ്പോഴത്തെ പരിഷ്കൃത രീതിയിലുള്ള വിദ്യാഭ്യാസം മുസ്ലീമിങ്ങൾക്കും വേണമെന്നുള്ള ആ സമുദായത്തിലെ നേതാക്കന്മാരുടെ മുറവിളിയും ഗവൺമെണ്ടിന്റെ പ്രോത്സാഹനവും കൊണ്ടു നിമിഷംപ്രതി ഉൽബോധിപ്പിച്ചുതിനു ശേഷമാണു് ആ സമുദായം പരിഷ്കൃതരീതിയിലുള്ള വിദ്യാഭ്യാസത്തിനു പരിശ്രമം തുടങ്ങിയതും ആ പരിശ്രമത്തിൽ അല്പാല്പമായി അവർ മുന്നോട്ടു് പോയ്ക്കൊണ്ടിരിക്കുന്നതും. ആ പരിശ്രമം തുടയരുതു്. അവർ ഇന്നു് മുന്നോട്ടു പോകുന്നുണ്ടെങ്കിലും മറ്റു സമുദായങ്ങളർഹിക്കുന്ന ആ സ്ഥാനം ഇനിയും കൈവന്നിട്ടില്ല. അതുകൊണ്ടു വിദ്യാഭ്യാസത്തിൽ അവശസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളമെങ്കിലും അവരെ ഈ നിയമത്തിൽനിന്നു് ഒഴിവാക്കണ്ടതാണു്. തേഡ്ഫാറത്തിൽ ഫസ്റ്റു വയസ്സും, സ്റ്റുഡൈനൽ ക്ലാസ്സിൽ ൬ വയസ്സും കഴിഞ്ഞിട്ടുള്ളവർ പഠിക്കുന്നതുകൊണ്ടു് എന്തൊരു ദോഷമാണു് വരാൻ പോകുന്നതെന്നു് മനസ്സിലാകുന്നില്ല. അതുകൊണ്ടു് അവശസമുദായങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. A. Muhamed Ashrof]

പിന്നോക്കസമുദായങ്ങളേയും ഈ നിയമം അവരുടെ വിദ്യാഭ്യാസ വാഞ്ഛയിൽനിന്നു പിന്നോക്കം പിടിച്ചു നിറുത്തുന്നതാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: ഗവമ്മെണ്ടു സ്കൂളുകളിൽ കൊറാൻ ടീച്ചേഴ്സു് കൊറാൻ പഠിപ്പിക്കുന്നില്ലെ? അതിനുള്ള ടീച്ചേഴ്സു് ഇന്നുണ്ടൊ?

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫു്: കൊറാൻ ടീച്ചിംഗിനെ കുറിച്ചല്ല പറയുന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: മതം പഠിപ്പിക്കുന്നുണ്ടെന്നു പറയുകയുണ്ടായില്ലെ?

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫു്: അതു് അവരുടെ സ്കൂളുകളിലാണു്. ഗവമ്മെണ്ടു സ്കൂളുകളിലല്ല. ഈ നിയമം വാസ്തവത്തിൽ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്; എങ്കിലും അതെ സമയം തന്നെ വിദ്യാഭ്യാസത്തെ തടയുന്ന ഒരുനിലയിലാണു് കൊണ്ടുവന്നിരിക്കുന്നതു് എന്നു വേണം പറയാൻ. അതിന്റെ ഫലം വഛിച്ചുവരുന്ന വിദ്യാഭ്യാസ തൃഷ്ണയുടെ മറവസമുദായങ്ങളെപ്പോലെ വിദ്യാഭ്യാസത്തിൽ മുന്നണിയിൽ വരണമെന്ന ആഗ്രഹത്തിന്റെ നാരായ വേരറുക്കുന്നതായിരിക്കും. അതുകൊണ്ടു് എത്രയുംവേഗത്തിൽ ഈ നിയമം എടുത്തുകളയാൻ ഞാൻ ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നു.

മിസ്റ്റർ പി. കെ. ഡീവർ: ഈ നിയമം നടപ്പിലാക്കീട്ടുണ്ടൊ? ഉണ്ടെങ്കിൽ അതിന്റെ ആവശ്യമെന്താണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ വിദ്യാഭ്യാസ എക്സ്പർട്സു് ചിലർ കൂടി ഒരു എഡ്യൂക്കേഷൻ കോഡു് ഉണ്ടാക്കീട്ടുണ്ടു്. അതിൽ ഒൻപാം വകുപ്പിൽ പറയുന്ന നിയമമാണു് അതു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ പുതിയ നിയമം ഫ്രഹനു മുതല്ലു് നടപ്പിൽ വരുത്താനാണൊ ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ സി. എസ്സു്. പണിക്കർ: സർ, വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തെ ബാധിക്കുന്ന ഈ ഖണ്ഡനോപക്ഷേപത്തിന്റെ ചർച്ചയിൽ ഞാൻ പങ്കുകൊള്ളാനാഗ്രഹിക്കുന്നു. ഇതു് സർവ്വസമുദായങ്ങളേയും ബാധിക്കുന്ന ഖണ്ഡനോപക്ഷേപമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. വിദ്യാഭ്യാസം നമ്മൾക്കു് ഏതൊരുവിധത്തിലാണു മുന്നോട്ടുകൊണ്ടുപോകേണ്ടതെന്ന പ്രധാനവിഷയത്തെ കുറിച്ചു് നമ്മളാലോചിക്കണം. ഇപ്പോൾ സ്കൂൾഫൈനൽ പരീക്ഷയ്ക്കു് പരമാവധി ൨൰ വയസ്സെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. ഇതിന്റെ അടിസ്ഥാനതത്വം എന്താണെന്നു് ആലോചിക്കേണ്ടതാണു്. ൨൰ വയസ്സായിട്ടും സ്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടില്ലാത്ത നിരവധി കുട്ടികൾ നമ്മളുടെ വിദ്യാലയങ്ങളിലെ പുരോഗമനഗാമികളായിവരുന്ന വിദ്യാർത്ഥികളെ തടയാനായി മാത്രം അവിടെ കിടക്കുകയാണൊ വേണ്ടതു്, അതൊ, വിദ്യാഭ്യാസത്തിൽ ഉത്സുകരായി വരുന്ന കുട്ടികൾക്കു് അതിനുള്ളമാർഗ്ഗം ഉണ്ടാക്കികൊടുക്കുകയാണൊ വേണ്ടതു് എന്നാണാലോചിക്കേണ്ടതു്. വിദ്യാഭ്യാസ വിഷയത്തിൽ വിചക്ഷണന്മാരായ ആളുകൾ ചേർന്നുള്ള ഒരു കമ്മിറ്റിയുടെ പര്യാലോചനയ്ക്കു ശേഷം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ ഒരു വകുപ്പനുസരിച്ചാണു് ഈ കല്പനയുണ്ടായിട്ടുള്ളതെന്നാണറിയുന്നതു്. ആ നിലയിൽ കുട്ടികൾക്കു പ്രായോഗികമായി യാതൊരു ബുദ്ധിമുട്ടും വരുത്തെന്നു വിചാരിച്ചു് അതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ടു്. അതായതു് ഇപ്പോൾ സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു് ൨൰ വയസ്സു കഴിഞ്ഞാലും പരീക്ഷയ്ക്കു പോകാൻ അനുവാദം കൊടുക്കുന്ന നിലയിലാണു് ഈ നിയമം നടപ്പിൽ വരുത്താൻ പോകുന്നതു്. അപ്പോൾ ഭാവിയിൽ പരീക്ഷയ്ക്കു പോകുന്ന കുട്ടികളെയാണു് ഈ നിയമം ബാധിക്കുന്നതു്. പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതവും സൌജന്യവുമാക്കാനുള്ള പദ്ധതിയാണു് നമ്മളുടെ മുമ്പിലുള്ളതു്. അതു നമ്മളോർക്കണം. ൬ വയസ്സിൽ ഒരുകുട്ടി സ്കൂളിൽ പ്രവേശിച്ചാൽ ൧൨ വയസ്സിനു മുമ്പെ തേഡ്ഫാറവും ൧൩ വയസ്സിനുമുമ്പു് സ്കൂൾഫൈനലും പാസ്സാകാൻ സാധിക്കുമെങ്കിലും ൪ കൊല്ലത്തെ മാർജിൻ കൊടുത്തിട്ടാണു് കമ്മിറ്റി റിപ്പോർട്ടു് സമർപ്പിച്ചിട്ടുള്ളതു്. അതുപോരാ, എത്ര വയസ്സായാലും ഏഴാം ക്ലാസ്സിലും സ്കൂൾഫൈനൽക്ലാസ്സിലും പഠിക്കുന്നതിനു് അനുവദിക്കുകയെന്നുള്ളതു കുട്ടികളുടെ വഛിച്ചുവരുന്നവിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസതൃഷ്ണയെ ശമിപ്പിക്കുന്നതിനു് തടസ്സമായിത്തീരുമെന്നു് നമ്മളോക്കേണ്ടതാണു്. വിദ്യാഭ്യാസവിഷയത്തിൽ ഗവമ്മെണ്ടിന്റെ ആനുകൂല്യം എല്ലാസമുദായങ്ങൾക്കും വേണം. അല്ലാതെ അല്പം ചില സമുദായങ്ങൾക്കു മാത്രമായിത്തീരാൻ പാടില്ല. അതുകൊണ്ടു് ആ തത്വം വെച്ചു് ഇതിനെ നോക്കാൻ പാടില്ല. പിന്നെ ഇതിന്റെ പ്രായോഗിക വിഷമതയെ കുറിച്ചാണാലോചിക്കേണ്ടതു്. ആ ഒരു കാര്യം കൊണ്ടു് എത്രകുട്ടികൾ പുറത്തേയ്ക്കു പോരുമെന്നു നോക്കാം. അതു നോക്കിയാൽ ഒരോറ്റ വിദ്യാർത്ഥിക്കുപോലും വിദ്യാലയം വിട്ടു് പുറത്തേയ്ക്കുപോരേണ്ടതായി വരികയില്ലെന്നു കാണാം. പക്ഷെ അതിനുള്ള പരീക്ഷകൾ ചെയ്യുന്നതോടുകൂടി അവർക്കു് ഒരു മുന്നറിവും കൊടുക്കുന്നുണ്ടു്. അതായതു് നിങ്ങൾ തക്കസമയത്തിനുള്ളിൽ പരീക്ഷ പാസ്സായിക്കൊള്ളണമെന്നു്. ഇതാണു കമ്മിറ്റി പറയുന്നതു്. അതെടുത്തു കളയുകയാണെങ്കിൽ അതു കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിത്തീർക്കുമെന്നു മാത്രമെ പറയാനുള്ളൂ. ഈ സമയത്തു് മറവസമുദായങ്ങൾക്കു കൊടുത്തിരിക്കുന്ന സവ്വ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. ഏതെങ്കിലും സമുദായത്തിനു ഇതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെങ്കിൽ ആ സമുദായത്തെ ഒഴിവാക്കുന്നതിനു വേണ്ട നടപടികളെടുക്കുന്നതിനും വിരോധമില്ല. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ ൻ-ാം ക്ലാസ്സിൽ ൬ ൦ വയസ്സായ കുട്ടികൾ പഠിക്കുന്നുണ്ടെങ്കിൽ അടുത്തകൊല്ലം അവരുടെ പഠിത്തം തുടന്നുപോകാൻ സാധിക്കാതെ വരുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. അതിന്നൊക്കെ Safe guards വെച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ ശക്തിയായി പിന്താങ്ങുന്നു. വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു സർ. ടി. വിജയരാഘവാചാരി കൊച്ചിയിൽ ദിവാൻജിയായി വന്നതിനുശേഷമാണു വിദ്യാഭ്യാസാനുകൂല്യങ്ങൾ സിദ്ധിക്കാൻ തുടങ്ങിയതു്. അദ്ദേഹം ഇവിടെനിന്നുപോയതിനുശേഷം നമ്മളുടെ വിദ്യാഭ്യാസവകുപ്പിന്റേയും അതിന്റെ മേലദ്ധ്യക്ഷം വഹിക്കുന്ന ഗവമ്മെണ്ടിന്റേയും മനോഭാവം പെട്ടെന്നു മാറി. അവർക്കു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ കുറക്കുവാൻ തുടങ്ങി. എങ്കിലും അദ്ദേഹത്തിന്റെ ദീനാനുകമ്പയുടെ മൂലമായ, ചിലസമുദായങ്ങളുടെ വിദ്യാഭ്യാസ പുരോഗമനത്തെ അടിച്ചുടയ്ക്കാൻ പര്യാപ്തമായ ഒരു ഭേദഗതിയാണു ഈ വിദ്യാഭ്യാസ കോഡിൽ ഇന്നു കൊണ്ടുവന്നിരിക്കുന്നതു്. പിന്നോക്ക സമുദായങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളെ അടിച്ചുടയ്ക്കാൻ പലതും ഇതിനകം ഗവമ്മെണ്ടു കൊണ്ടുവന്നിട്ടുണ്ടു്. അതിലൊന്നാണു് ഈ ഭേദഗതിയും. ഈ കോഡുപരിഷ്കരണത്തിനു നിയമിച്ച വിദ്യാഭ്യാസ വിദഗ്ദ്ധക്കമ്മിറ്റി എന്നു പറയുന്നതു്, ഒരു വിദഗ്ദ്ധക്കമ്മിറ്റിയാണൊ, അതൊ ചില താല്പര്യങ്ങളെ പരിരക്ഷിക്കാനായിമാത്രം ചില ആളുകളെ നോക്കി നിയമിച്ച കമ്മിറ്റിയാണൊ എന്നു എനിക്കു ബലമായ സംശയമുണ്ടു്. ഗ്രാന്റു സ്കൂളുകളുടെ പരിരക്ഷണത്തേയും മാനേജർമാരുടെ ശക്തിയും അധികാരവും സംസ്ഥാപിക്കലിനേയും അതുകളുടെ സുരക്ഷിതാവസ്ഥ ഉറപ്പിക്കലിനേയും മാത്രം പരിഗണിച്ചു പ്രവത്തിച്ചിരുന്നവരായിരുന്നു അവരിൽ അധികംപേരും. അതല്ലാതെ വിദ്യാഭ്യാസ വിഷയത്തിൽ വളരെ പിന്നോക്കം നില്ക്കുന്ന അധഃകൃത നമുദായങ്ങളുടേയും അവശസമുദായങ്ങളുടേയും വിദ്യാഭ്യാസ വിഷയകമായ ആനുകൂല്യം; മറവ പരിരക്ഷകൾ മുതലായ കാര്യങ്ങളിലല്ല അവർ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നതു്. ൧൧ വയസ്സായ കുട്ടികൾ ലോവർസെക്കണ്ടറി സ്കൂളുകളിലും ൬ ൦ വയസ്സായ കുട്ടികൾ അപ്പർസെക്കണ്ടറി സ്കൂളുകളിലും ഇരിക്കുന്നതുകൊണ്ടു മറവകുട്ടികളുടെ ഉയന്ന വിദ്യാഭ്യാസത്തിനു തടസ്സമുണ്ടാകുന്നു എന്നും ഈ പുതിയ വ്യവസ്ഥകൊണ്ടു് തടസ്ഥപ്പെടുത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറക്കുകയാണു് വേണ്ടതെന്നും അതിനുവേണ്ടിയാണു് അവശ്യം ആവശ്യമായ ഈ വ്യവസ്ഥ പുതിയ കോഡിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും മറവും ഒരു വിദ്യാഭ്യാസ വിചക്ഷണനായ ബഹുമാനപ്പെട്ട അഡ്വർ മെമ്പറവർകളുടെ അഭിപ്രായത്തോടു യോജിക്കാൻ എനിക്കു നിവൃത്തിയില്ല. കോഡിൽ ഈ ഭേദഗതി വരുന്നതിനുമുമ്പു് തേഡ്ഫാറത്തിലും സ്റ്റംഫൈനൽ ക്ലാസ്സിലും പ്രായപൂത്തിവന്ന അനേകം കുട്ടികൾ പഠിച്ചുകൊണ്ടിരുന്നു. ആ കാലത്തു പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ ഒരാളായിരുന്ന അദ്ദേഹമെങ്കിൽ അദ്ദേഹത്തിന്റെ ഉപരിവിദ്യാഭ്യാസത്തിനു അതായിരുന്ന പ്രതിബന്ധം എന്ന സ്വാനുഭവമായിരിക്കാം അദ്ദേഹം പറഞ്ഞതെന്നതോന്നുന്നു. തേഡ് ഫാറത്തിൽ ൧൧ വയസ്സായ ഒരു കുട്ടി ഉണ്ടെങ്കിൽ ആ ക്ലാസ്സിലെ ൧൧ വയസ്സിൽ താഴെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker]

യുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനു പ്രതിബന്ധമാകുമെന്നോ പ്രതിബന്ധം ഉണ്ടാക്കുമെന്നോ മറ്റൊരു ബഹുമാനപ്പെട്ട അഡ്യൂർമെമ്പർ പറഞ്ഞതു് സ്വാനുഭവം കൊണ്ടായിരിക്കാമെങ്കിലും എങ്ങിനെയാണു് പ്രതിബന്ധമായി തീരുക എന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇപ്പോഴും ഗ്രാമങ്ങളിലെ കാണ്ടെയ്ത്തും അറിയാവുന്ന ഞങ്ങൾക്കും ഗ്രാമങ്ങളിലെ കുട്ടികൾക്കു് അടുത്തു സ്കൂളുകളില്ലാത്തതുകൊണ്ടു് ൫ വയസ്സിലും ൬ വയസ്സിലും മറ്റും സ്കൂളിൽപോകാൻ സാധിക്കുന്നില്ലെന്ന പരമാർത്ഥം ഏവർക്കും അറിയാവുന്നതാണു്. ഉദാഹരണത്തിനു മാമ്പ്ര എന്ന സ്ഥലത്തുനിന്നു വളരെ അകലമുള്ള ഒരു സ്കൂളിൽ കുട്ടികളെ അയക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടു് അവർക്കു അവിടെ ഒരു സ്കൂൾ സ്ഥാപിച്ചുകിട്ടണമെന്നു് അപേക്ഷിച്ചിട്ടു സ്കൂൾ തുടങ്ങാൻ അനുവദിക്കുകയുണ്ടായി. ഒന്നാംക്ലാസ്സിൽ ചേർന്ന കുട്ടികളിൽ ഭൂരിഭാഗവും ൫, ൬, ൭ വയസ്സു് പ്രായം വന്നവരായിരുന്നു. എന്നാൽ പിന്നീടു അവിടെ സ്കൂൾ അനുവദിക്കയില്ല വേണമെങ്കിൽ മിസ്റ്റർ പനമ്പിള്ളി രാഘവമേനോൻ ഈ സ്ഥലത്തുനിന്നു കുറെ ദൂരത്തിൽ നടത്തിവരുന്ന ഒരു സ്കൂളിന്റെ ഒരു ശാഖയായി നടത്താൻ അനുവദിക്കാമെന്നാണു് കല്പിച്ചതു്. അവിടെ ഒരു സ്കൂളിന്റെ ആവശ്യം ഇതുവരെ ഗവൺമെണ്ടാകട്ടെ മിസ്റ്റർ രാഘവമേനോനാകട്ടെ അറിഞ്ഞിരുന്നില്ല. എന്നാൽ സ്ഥലത്തെ എസ്സു്. എൻ. ഡി. പി. യോഗം അതിനുത്സാഹിച്ചു് കെട്ടിടം കെട്ടി സ്കൂൾ തുടങ്ങിയപ്പോൾ മാത്രമാണു് അവിടെ ഒരു സ്കൂൾ ആവശ്യമാണെന്ന ബോദ്ധ്യമായതു്. എന്നാൽ ഈ വർഷവും അനുവദിക്കയില്ലെന്നേയുള്ളൂ. സൌകര്യത്തിൽ സ്കൂൾ ഇല്ലാതിരുന്നതുകൊണ്ടാണെല്ലോ ൫, ൬, ൭ വയസ്സു് പ്രായത്തിൽ ഒന്നാം ക്ലാസ്സിൽ ചേർക്കാനിടയായതു് എന്ന സംഗതി പ്രത്യേകം സ്മരണീയമാണു്. ചില വ്യക്തികളെ പ്രത്യേകം സഹായിക്കാൻ വേണ്ടി ഇങ്ങിനെ പ്രവൃത്തിക്കുന്നതുകൊണ്ടു സാധുവിദ്യാർത്ഥികൾക്കു സ്കൂളിൽ പോകാൻ സൌകര്യമില്ലാതെ ബുദ്ധിമുട്ടു അനുഭവിക്കുന്നുണ്ടു്. ഗ്രാമപ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ എട്ടും ഒൻപതും വയസ്സായ കുട്ടികൾക്കു മാത്രമേ സ്കൂളിൽ പോകാൻ സാധിക്കുന്നുള്ളൂ. കാരണം അടുത്തു സ്കൂളുകൾ ഇല്ലാത്തതുകൊണ്ടുതന്നെ. ഉദാഹരണത്തിനു ചിറ്റൂർ താലൂക്കിൽ ഗ്രാമങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങളില്ലാത്തതുകൊണ്ടും വിദ്യാഭ്യാസാഭിരുചി എല്ലാവർക്കും സാർവത്രികമായി വന്നിട്ടില്ലാത്തതിനാലും സാധുകർഷകരാകയാലും അവരുടെ കുട്ടികൾ പ്രായമായതിനുശേഷമാണു സ്കൂളിൽ ചേരുന്നതു്. ഇങ്ങിനെ പ്രായമായ കുട്ടികൾ സ്കൂളിൽചെന്നാൽ ൬ ൻ വയസ്സിനു മുമ്പു തേഡ്ഫാറം പാസ്സായിട്ടില്ലെങ്കിൽ അവരെ പിന്നീടു പഠിക്കാൻ സമ്മതിക്കുകയില്ലെന്നു് പറയുന്നതു അക്രമവും അനീതിയുമാണു്. മാത്രമല്ലാ അതു് ആക്ഷേപകരവും അനാശാസ്യകരവും സങ്കടകരവുമാണു്. ഈ അടുത്ത അവസരത്തിലാണു് ഒരു തൊഴിലാളി അദ്ദേഹത്തിന്റെ കുട്ടിയെ കുറച്ചു കാലത്തെ പഠിത്തത്തിനുശേഷം നിവൃത്തിയില്ലാതെ പഠിപ്പുനിറുത്തി ആകുട്ടിയെ ഒരു തൊഴിലിൽ പ്രവേശിപ്പിച്ചു കുറച്ചു പണമുണ്ടാക്കിയതിനുശേഷംവീണ്ടും സ്കൂളിൽ കൊണ്ടുപോയി ചേർക്കാൻ ഉത്സാഹിച്ചതു. തൊഴിൽചെയ്യിക്കുന്ന കാലത്തു് ഒരു ട്യൂഷൻ മാസ്റ്ററുടെ അടുക്കൽ ചെന്നു് വിദ്യഅഭ്യസിച്ചിരുന്ന ആ കുട്ടി IIIrd ഫോറം പബ്ലിക്കു് പരീക്ഷക്കു ചേർന്നപ്പോൾ നിർഭാഗ്യവശാൽ ഒരു വിഷയത്തിൽ പരാജയപ്പെടുകയാലാണു് സ്കൂളിൽ ചേരാനുത്സാഹിച്ചതു്. വകുപ്പധ്യക്ഷന്റെ കല്പനയനുസരിച്ചു് ഒരു പരീക്ഷയിൽ വിജയിയായതുകൊണ്ടു് IIIrd ഫോറത്തിൽ ചേർക്കാൻ അനുവദിക്കുകയും ചെയ്തു. എന്നാൽ സ്കൂളിൽ ചേർക്കാൻ കുട്ടിയെ കൊണ്ടുചെന്ന അവസരത്തിലാണു് ൬ ൻ വയസ്സായ കുട്ടികളെ IIIrd ഫോറത്തിൽ ചേർക്കാൻ പാടില്ലെന്നുള്ള ഉത്തരവു് ആ സ്കൂളിലെ ഹെസ്മാസ്റ്റർ അവർകൾക്കുലഭിച്ചതു്. വിദ്യാഭ്യാസ മേലധ്യക്ഷൻ അവർകളുടെ കല്പനപ്രകാരം നിയമപ്രകാരമുള്ള സംഖ്യ ട്ഷാറിയിൽ അടച്ചു ചലാനുംകൊണ്ടു കുട്ടിയെ ചേർക്കാൻ സ്കൂളിൽ ചെന്നപ്പോഴാണു് കോഡ് പരിഷ്കരണക്കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പാസ്സാക്കിയ പുതിയ ചട്ടത്തെ സംബന്ധിച്ചു കല്പന ഹെഡ്മാസ്റ്റർ അവർകൾക്കു കിട്ടിയതു്. അനുവാദം കിട്ടിയാൽ ചേർക്കാമെന്നും അപേക്ഷിച്ചാൽ അനുവാദം കിട്ടുമെന്നും അതുകൊണ്ടു് ഉടനെ അപേക്ഷിക്കണമെന്നും ആ ഹെഡ്മാസ്റ്റർ അവർകളും ഉപദേശിക്കുകയാൽ വിദ്യാർത്ഥിയുടെ അച്ഛനായ സാധുതൊഴിലാളി അതിനെ സംബന്ധിച്ചു പല അപേക്ഷകളും അധികൃതന്മാർക്കു് അയച്ചുവെങ്കിലും ഇതുവരെയും അതായതു്, കർക്കടകമാസം കഴിയാറായിട്ടും ആ കുട്ടിക്കു അനുവാദം കിട്ടിയിട്ടില്ല. ഇനി ഹാജർദിവസം തികയുകയില്ലെന്ന ഒരു മുടന്തൻ ന്യായത്തിന്മേൽ അനുവാദം നിരസിക്കുകയില്ലെന്നു ആർ കണ്ടു! ഇങ്ങിനെയും മറ്റും കഷ്ടപ്പെടുന്നവർക്കുവേണ്ട പരിരക്ഷയിപ്പോൾ ഉണ്ടെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിഅവർ

LIBRARY ARCHIVES Kerala Legislative Assembly

കും ഈ കാര്യത്തിൽ എന്തുപറയുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ നിയമത്തിൽ Safe guard ഉണ്ടു് എന്നു പറഞ്ഞതുകൊണ്ടു പ്രയോജനം കാണുന്നില്ല. ഈ നിയമം ചില വ്യക്തി താല്പര്യങ്ങളും പരിരക്ഷിക്കുന്നതിനു മാത്രമാണെന്നു പറയാതെ നിവൃത്തിയില്ല. അധഃകൃതരുടേയും അവശസമുദായങ്ങളിലേയും വിദ്യാർത്ഥികൾക്കു എട്ടൊമ്പതു വയസ്സാകാതെ സ്കൂളിൽ പോകാൻ സാധിക്കാത്ത ചുറ്റുപാടുകളും സാഹചര്യങ്ങളും ധാരാളം ഉണ്ടായിരിക്കും. ഈ കാലത്തു വിദ്യാഭ്യാസമില്ലാതെ ഉയരാൻ കഴിയുകയില്ലെന്ന ബോധം വന്നു തുടങ്ങിയതുകൊണ്ടു്, എട്ടൊമ്പതു വയസ്സായെങ്കിലും സ്കൂളിൽകൊണ്ടുപോയിചേർക്കാൻ തുടങ്ങിട്ടുണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകുന്നതിൽ പല പ്രതിബന്ധങ്ങളും ഉണ്ടാകുന്ന ഒരു നിയമമാണു കോഡ് പരിഷ്കരണം മൂലം ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്. ധനവാന്മാരുടെ കുട്ടികൾക്കു സ്കൂൾ എത്ര അകലെ ആയാലും ഈ വയസ്സിൽതന്നെ ആ കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനു സാധിക്കും. കൃത്യസമയങ്ങളിൽ ആഹാരാദികൾ കൊടുക്കുന്നതിനും വാഹനങ്ങളിൽ കുട്ടികളെ സ്കൂളിലേക്കയക്കുന്നതിനും അവർക്കു സാധിക്കും. എന്നാൽ ദരിദ്രരുടെ നില ഇതല്ല. അവർ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും ജനിച്ചു വളർന്നവരാണു്. ഉടുക്കാനും കുടിക്കാനും കിടക്കാനും ഇടമില്ലാത്ത ഒരു സാധുവിനു് അവന്റെ കുട്ടിക്കു വേണ്ട കാലത്തു് വേണ്ടത്ര വിദ്യാഭ്യാസം നൽകണമെന്നാഗ്രഹം എത്രതന്നെ ഉണ്ടായാലും അതു് സാധിക്കുവാൻ അവർ വളരെ കഷ്ടപ്പെടേണ്ടിവരുന്ന സാമൂഹ്യവും സാമ്പത്തികവുമായ ഒരു ഘടനയാണു് ഇപ്പോൾ ഇവിടെ നിലവിൽ ഉള്ളതു്. ഈ സാമൂഹ്യസാമ്പത്തിക ഘടനയ്ക്കു് ഒരു സമൂല പരിവർത്തനം വരികയൊ വരുത്തുകയൊ ചെയ്താലല്ലാതെ അധഃസ്ഥിതരും അവശരുമായ സമുദായങ്ങളുടെ വിദ്യാഭ്യാസപുരോഗമനത്തേയും മറ്റു അഭിവൃദ്ധികളെയും തച്ചുടക്കാൻ സ്ഥാപിത താല്പര്യക്കാരായ സമുദായങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഒരു കോളിളക്കം ഉണ്ടാക്കാതിരിപ്പാൻ ഗവണ്മെണ്ടു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ചില സമുദായങ്ങൾക്കു പ്രത്യേകം ദോഷം ചെയ്യുന്ന ഈ കോഡ് വ്യവസ്ഥ ഉടനെ എടുത്തു് മാറ്റേണ്ടതു് അവശ്യം ആവശ്യമാണെന്നു ഒരിക്കൽകൂടി ഞാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. അതിനാൽ യാതൊരു മടസ്തൻ ന്യായവും പറയാതെയും, മറ്റൊഴികഴിവുകളൊന്നും പറയാതെയും ഈ നിയമം ഉടൻ പിൻവലിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ ഈ കട്ടമോഷനെ പിന്താങ്ങുന്നു.

മിസ്സിസ് ടി. ഫ്രാൻസിസ്: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുന്നു. ഗവണ്മെണ്ടു എത്രതന്നെ ന്യായം പറഞ്ഞാലും ഇങ്ങിനെ ഒരു നിയമം വേണമെന്നു തോന്നുന്നില്ല. ഒരു കാര്യം ചോദിക്കാനുണ്ടു്. ഈ നിയമം വേറെ എവിടെ എങ്കിലും ഉണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്: എവിടെ ഒക്കെ ആണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറ്റു പലരാജ്യങ്ങളിലുമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്രിട്ടീഷ് മലബാറിലില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തിരുവിതാംകൂറിലുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്: ഏതു രാജ്യത്തുണ്ടെങ്കിലും നമ്മുടെ രാജ്യത്തിൽ ഇതാവശ്യമില്ല. ഈ നിയമം വിദ്യാഭ്യാസത്തെ തകിടം മറിക്കും. പല സംഗതികൾകൊണ്ടും ഈ നിയമം അനാവശ്യമാണു്. മിസ്റ്റർ കണ്ണൻ ഇവിടെ പ്രസ്താവിച്ച കാരണങ്ങൾകൂടാതെ സ്ത്രീകളെ സംബന്ധിച്ചും ഈ നിയമം ഉപദ്രവകരമാണു്. എന്തെന്നാൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ബാല പീഡ മുതലായ പല ഉപദ്രവങ്ങളുംകൊണ്ടു ശൈശവദശയിൽ ആരോഗ്യം വളരെ കുറഞ്ഞിരിക്കും. അപ്പോൾ അവർക്കു 8-ം, 9-ം വയസ്സിൽ സ്കൂളിൽ ചേരാൻ സാധിക്കുകയില്ല. അങ്ങിനെയിരിക്കെ 11 വയസ്സിൽ 5-ാം ക്ലാസ്സു പാസ്സായില്ലെങ്കിൽ പുറത്തുപൊയ്ക്കൊൾക എന്നു പറയുന്നതു ശരിയല്ല. പിന്നെ കടത്തുകടന്നും മറ്റും സ്കൂളിൽ പോകേണ്ട സ്ഥലത്തു അഞ്ചും ആറും വയസ്സുള്ള കുട്ടികൾ പോയി മുങ്ങിച്ചത്തു കൊള്ളട്ടെ എന്നു വെച്ചു മാതാപിതാക്കന്മാർ പറഞ്ഞയയ്ക്കുകയില്ല. എറണാകുളം, തൃശ്ശിവപേരൂർ മുതലായ ട്രാഫിക്കു് അധികമുള്ള പട്ടണങ്ങളിൽ ചെറിയ കുട്ടികളെ സ്കൂളിലേയ്ക്കയച്ചാൽ പല അപകടങ്ങൾക്കും ഇടയാകുന്നതാണു്. അതുകൊണ്ടു രക്ഷാകർത്താക്കന്മാർ അഞ്ചും ആറും വയസ്സുള്ള കുട്ടികളെ പറഞ്ഞയയ്ക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mrs. T. Francis]

പിന്നെ ഒരു കാര്യം പറയാം. ഒരു കുട്ടി ഫ 6—ാം ക്ലാസ്സിലൊ 9-ാം ക്ലാസ്സിലൊ മൂന്നോ, നാലൊ കൊല്ലം തോല്ക്കുകയാണെങ്കിൽ ക്ലാസ്സിൽനിന്നു ഡിസ്മിസ്സ് ചെയ്യാൻ വിരോധമില്ല. അല്ലാതെ ഇതു വയസ്സായാൽ പിന്നെ പരീക്ഷയ്ക്കുപോകാൻ പാടില്ലെന്നു പറയുന്നതു ശരിയല്ല. എന്തുതന്നെ Safe guards വെച്ചിട്ടുണ്ടെങ്കിലും ഇങ്ങിനെ ഒരു നിയമത്തിന്റെ ആവശ്യമില്ല. ഇതു വിദ്യാഭ്യാസ പുരോഗതിയെ തടയുകയാണു്. പിന്നെതൊഴിലാളികളുടെ കാര്യം പറയുകയാണെങ്കിൽ അവരുടെ കയ്യിൽ തക്കസമയത്തു പണമുണ്ടായി എന്നു വരികയില്ല. ർ-ാംക്ലാസ്സുവരെ സൌജന്യവിദ്യാഭ്യാസം ആയാലും അതുകഴിഞ്ഞു അവർക്കു കൊച്ചുകാലം പണമില്ലാത്തതുകൊണ്ടു പഠിത്തം തുടരാൻ സാധിക്കാതെ വരാം. പിന്നെ കൊച്ചുനാൾ കഴിഞ്ഞു പണമുണ്ടാകുകയാണെങ്കിൽ ഒരു തൊഴിലാളിക്കു തന്റെ കുട്ടിയെ പഠിപ്പിക്കണമെന്നു തോന്നിയാൽ അതിനു ഈ നിയമം തടസ്സമായിവരും. വിദ്യാഭ്യാസത്തിനു മുൻ ഗണന നൽകുന്ന കൊച്ചിരാജ്യത്തിൽ ഇത്തരം ഒരു നിയമമുണ്ടാക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു ഈ കട്ടമോഷനെ ഞാൻ പിന്താങ്ങുന്നു.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, I had not the benefit of hearing the Hon'ble Mover who introduced this cut motion here because, Sir, I felt that he would move the earlier one about adult education and I thought I would come in in the course of the discussion on that but unfortunately for the country, the Hon'ble Mover did not move it. The result is I had not the benefit of his remarks in advancing the cut motion under discussion. Anyhow, I find that the cut motion or rather what led to the cut motion is the rule saying that beyond 16 years a student shall not be in III Form and beyond 20, in the VI Form and the rule, Sir, is seem to have given room for very spirited attack against the same. In the course of the attack one Hon'ble friend was pleased to attack the members who considered the revision of the Cochin Education Code, a couple of years back. If the remarks made by him about the members or the majority of the members thereof, are well-merited, I believe, I can also have a share in those attacks because I happen to be one of those unfortunates in that Committee.

This, Sir, is a rule which the Code Revision Committee did not recommend without spending a proper thought upon the subject. There was a full-dressed debate upon both sides of the question by persons who were competent to present both sides and after a dispassionate discussion upon the pros and cons of the introduction of such a rule the Code Revision Committee made this recommendation which was accepted by Government and put into force by them. Now the rule is that. That rule is now attacked on the ground that it is an attempt to retard the progress of education in the backward communities, more especially the so-called depressed class communities. I seriously ask the question, Sir, how this works to retard the educational progress of anyone community. Now if you look outside the cut motion or the rule that led to the cut motion and take stock of all that is taking place in Cochin, I think much of the edge of the criticism levelled through this cut motion must vanish because compulsory education is going to be introduced in the State soon, probably immediately. A Bill is just now in the Agenda and it will, I believe, become law in the State before the year is out. And although no provision has been made to implement the passing of the Compulsory Primary Education Act, I am sure, that the Government will put into practice the Compulsory Primary Education Act of Cochin in the course of the next year itself and if that is so, a good portion of the argument advanced by the supporters of the cut motion lose their force. Some Hon'ble Members said that for this reason or that reason, a poor guardian may not be able to send his ward to the school till the age of 9 or 10. That is a picture which you cannot hereafter see in Cochin. On the completion of the fifth year, if a girl or a boy is in the sixth year, that child's place in teaching hours is not in his or her home, but it is in the school wherever it is. Compulsory Primary Education means that no boy or girl of school going age will be allowed to remain at home for any reason whatsoever, except of course, sickness which prevents the child from attending school or one or two similar other exceptions—exceptions sought for by them and to be granted by Government. A child has perforce to attend school after the fifth year. Calculated like that the primary course now prescribed will be over at 11 years and the first, second and third forms' course will take another three years. So normally a child under the system to be had in the course of the next year, will be in the III Form in the 14th year. Two more years are allowed in the article which is now enforced. Now the question may seriously be asked—do you not therefore expect the student concerned to pass every year? No, there are two years extra.

LIBRARY ARCHIVES Kerala Legislative Assembly

Does it not again mean it may be asked, Sir, that within these two years, the course must be got through. No, because this is a general rule from which exception can be granted in proper cases by the authorities concerned. If for particular reasons, a student has not been able to get through the whole course, there will be, I am sure, provision or rather if there is no existing provision,it can be had in the shape of exceptions to the rules, rather than annihilate a rule which is of a general nature. You can ask for exceptions to that rule in particular cases according to the nature of the case, which I am sure, any Government will be pleased to grant. There should not be an attempt to do away with the general rule and persons who are keen about education and who come under the purview of this rule can still have their education by insisting upon the Government for making provision for giving education unto them, not in the regular classes of schools, but through adult education courses. I wonder why my Hon'ble friend from the community whose cause he was advancing very vigorously and very nobly did not move that cut relating to Adult Education. It is only adult education which ought to be had even for the benefit of the community as also, the so-called higher communities.

മിസ്റ്റർ കെ. കെ. കണ്ണൻ: പോസ്റ്റ്വാർ റീകൺസ്ട്രക്ഷൻ സ്കീമിൽ അഡാപ്റ്റ് എ ഡ്യൂക്കേഷൻ വേണമെന്നു പറയുന്നുണ്ട്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I shudder to think of that word. Now the shelter is Post-war. These are not things to be put off. Adult education is one of the primary factors to be tackled by a Nationalist Government, or a representative Government. or a responsible Government. Countries less advanced than Cochin are going ahead as far as adult education is concerned and it was a very sorrowful sight to see, Sir, only a hundred rupees provided in the Budget for Adult Education though the income is Rs. 420 lakhs and the allotment for Education is over 53 lakhs of rupees. Adult Education, Sir, is a remedy by which you can obviate the difficulties that will come out of this rule being enforced to a certain extent. It is a general rule and has to be enforced as a general rule. Therefore my respectful submission is this. The approach to the question by the Hon'ble Mover, I am constrained to say has not been happy. He could well be satisfied with the rule being there and in necessary cases, especially with regard to members of his community, he could very well advance their cause and get exceptions. I know he is exerting his level best to advance the cause of his community to bring it to the level of any other community. I used to feel glad about the Hon'ble Mover's strenuous work for the advancement of his community and I would suggest to him that he need not in the interests of his own community press the position before the Government. As I stated earlier, his purpose can be achieved and the so-called difficulties created by this rule can also be got over by his exertions at the proper time and in the proper manner. The existence of the rule on the other hand must be welcomed by him. If an energetic member of the community like the Hon'ble Mover and our esteeemed friend from another such community who has unfortunately for all absent during this session were to exert their influence on their community, the possibility of failure at the end of the first year can be got over by them, through their associations, formed in villages. That will be the line of approach for the question.

There were observations made here in justification of the cut motion that in certain places there are no schools. It is not a correct statement of fact. Reference was made to Chittur. At Chittur there may be a less number of schools than in other Taluks, but the disease of Chittur is not want o schools, but want of pupils willing to attend the existing schools. For the purpose of my Compulsory Education Bill, Sir, I had collected statistics which will show that a Government institution, fully manned, fully equipped, conducted in an excellent building, has, at the rate of about two or three students per class. I have also collected statistics to show that within a radius of one mile from one existing school a large number of students do not attend the school, not for want of schools, but disinclination to attend school. It was not as a result of poverty, or not being able to have the slates, the books and the clothes that these children did not attend school. That benighted Taluk has got an aversion for schools. That has to be got over and that could be got over by the introduction of compulsory primary education. There are other areas also which do not send their children to school as a result of poverty. Remedies for such cases have also been provided in the Compulsory Primary Education Bill which will become law soon.

Therefore in no view of the matter, Sir, can this rule work any hardship to any section of the community and if there is any unfortunate boy or girl who is not able to get through in the prescribed period surely exceptions will certainly be granted on the merits of each case. Therefore, I, Sir, do not find my way to support this cut motion.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, എഡ്യൂക്കേഷൻ കോഡു റിവിഷന്റെ നട ത്തിപ്പിനേയും അതിന്റെ പ്രായോഗികവശങ്ങളേയും പറ്റി വേണ്ടിടത്തോളം ധരിക്കാ തെയാണു ഇതിനെക്കുറിച്ചു എതിർ പ്രസംഗങ്ങൾ ഉണ്ടായിട്ടുള്ളതെന്നു ഞാൻ വിചാരി ക്കുന്നു. വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന അധഃകൃതരേയൊ, മുസ്ലീമിങ്ങളെയൊ സാധുക്കളേയൊ വിദ്യാഭ്യാസവിഷയത്തിൽ ഏതെങ്കിലും വിധത്തിൽ പുരോഗമനത്തെ തട യണമെന്ന ഉദ്ദേശത്തോടുകൂടിയല്ല ഈ നിയമം എഡ്യൂക്കേഷൻ കോഡിൽ ഉണ്ടാക്കിട്ടുള്ളതു്. ഇതു് ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരം ഉണ്ടാക്കിട്ടുള്ള ഒരു നിയമമല്ല. പല റൂളുകളും, പല നിയമങ്ങളും ഗവമ്മെന്റ് ഉണ്ടാക്കുന്നുണ്ടു്. പണച്ചിലവു കുറക്കാനും അഡ്മിനിസ്ട്രേഷൻ കാര്യക്ഷമമായി നടക്കാനും ഒക്കെ ആവശ്യമായ നിയമങ്ങൾ ഗവമ്മെണ്ടു ഉണ്ടാക്കാറുണ്ടു്. അതുപോലെയുള്ള ഒരു നിയമമല്ല ഇതു്. വിദ്യാഭ്യാസ വിഷയത്തിൽ ശാസ്ത്രീയമായ ചി ല നിയമങ്ങളും, ചില റൂളുകളും എല്ലാം എല്ലാ രാജ്യങ്ങളിലേയും വിദ്യാഭ്യാസാധികൃതന്മാർ ഉണ്ടാക്കാറുണ്ടു്. വിലയ വലിയ സർവ്വകലാശാലകളിൽ വലിയ വലിയ ഗവേഷണങ്ങൾ നടത്തുന്ന വിദ്യാശാലകളിൽ പ്രായത്തെക്കുറിച്ചു റൂളുകൾ സാധാരണ ഉണ്ടാക്കാറില്ല; അ വിടെ അതു വേണ്ടതാനും. പക്ഷെ, മറെറല്ലാ കാര്യങ്ങളിലും പ്രത്യേകിച്ചു, സെക്കണ്ടറി സ്കൂളുകളിൽ എല്ലാ ശാസ്ത്രജ്ഞന്മാരും ഈവക നിയമങ്ങൾ വേണമെന്നു പറയാറുണ്ടു്. ഇത്ര വയസ്സു ലോവർ സെക്കണ്ടറിക്കു്, ഇത്ര വയസ്സു അപ്പർ സെക്കണ്ടറിക്കു് എന്നു ലിമിറ്റ് വെ യ്ക്കാറുണ്ടു്. ഈ കോഡിൽ ഇൻ-ാം വകുപ്പു നോക്കിയാൽ വിദ്യാഭ്യാസ ഡയറക്ടരുടെ പ്ര ത്യേക പെർമിഷൻ കൂടാതെ ഇ വയസ്സിൽ കുറഞ്ഞ കുട്ടികളെ സ്കൂളുകളിൽ ചേക്കരുതെന്നു നിയമമുണ്ടെന്നു കാണാം. പണ്ടു വളരെ ബുദ്ധിമാന്മാരായ കുട്ടികൾ തന്നെ മൂന്നു വയസ്സിൽ കണക്കു കൂട്ടാനും വായിക്കാനും മറവു മനസ്സിലാക്കിയിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ടു്. അങ്ങിനെ അതിബുദ്ധിമാന്മാരായ അപൂർവ്വം ചിലരുണ്ടാകാം. എങ്കിലും ഇ വയസ്സിൽ താഴെ യുള്ള കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് തത്വപരമായി നോക്കിയാൽ എടുക്ക ന്നതു ന്യായമല്ല. ഇതിനെക്കുറിച്ചു ആരും ആക്ഷേപിച്ചു കണ്ടിട്ടില്ല. ഞങ്ങൾ എങ്ങിനെ എങ്കിലും പഠിപ്പിച്ചുകൊള്ളാം എന്നു പറഞ്ഞു അങ്ങിനെയുള്ള റൂൾ അക്രമമാണെന്നൊ അനാവശ്യമാണെന്നൊ പറഞ്ഞു ആരും ഇതുവരെ ആക്ഷേപിച്ചു കണ്ടില്ല. അതുപോലെ ഇ വയസ്സൊ അതിൽ കൂടുതലൊ ഉള്ള കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർത്തതിനു ശേഷം നാ ലു കൊല്ലത്തെ പ്രാഥമിക വിദ്യാഭ്യാസം കഴിയുന്നതുവരെ അവരുടെ പേരിൽ യാതൊരു നിയന്ത്രണവും വെച്ചിട്ടില്ല. ഗവമ്മെണ്ടു വിചാരിക്കുന്നതു പ്രാഥമിക വിദ്യാഭ്യാസം സാർ ത്രികമാക്കണമെന്നാണു്. കണക്കു കൂട്ടാനും എഴുതുവാനും, വായിക്കാനും ഈ മൂന്നു വിഷയ ത്തിൽ എല്ലാവർക്കും വിവരം വേണമെന്നുവെച്ചു അതിൽ യാതൊരു നിയന്ത്രണവും വെച്ചിട്ടി ല്ല. രോഗികളായാലും ദരിദ്രരായാലും എല്ലാ സ്ത്രീ പുരുഷന്മാർക്കും പ്രാഥമിക വിദ്യാഭ്യാസം വേണമെന്നു വെച്ചിട്ടുണ്ടു്. ഇതു കഴിഞ്ഞുള്ള വിദ്യാഭ്യാസം, ലോവർസെക്കണ്ടറി, അപ്പർ സെ ക്കണ്ടറി, കോളേജു് വിദ്യാഭ്യാസം എന്നിവ നൽകുന്നതിനു സൌകര്യമുള്ള മാതാപിതാക്ക ന്മാർ കുട്ടികളെ സ്കൂളിലേയ്ക്കു അയക്കാൻ ഉത്സാഹിക്കുന്നുണ്ടു്. ചില പ്രത്യേക കാരണങ്ങ ളാൽ ദാരിദ്ര്യം മൂലമൊ മറവു വല്ല കാരണങ്ങളാലൊ സെക്കണ്ടറി സ്കൂളിലേക്കു് തക്കസമയത്തു കുട്ടികളെ അയയ്ക്കാൻ സാധിക്കാത്ത സമുദായങ്ങൾക്കു് ചില പ്രത്യേക പരിഗണനകൾ കൊ ടുക്കുന്നുണ്ടു്. ദരിദ്രന്മാർക്കും കൊടുക്കുന്നുണ്ടു്. അങ്ങിനെ അവർക്കു കൊടുക്കുന്നുണ്ടെങ്കിലും, അങ്ങിനെ കൊടുക്കപ്പെട്ടവരൊക്കെ സ്കൂൾ ഫൈനൽ പാസ്സായി പുറത്തേയ്ക്കു വരണമെന്നു ഒരു പോളിസി ഗവമ്മെണ്ടു എടുത്തിട്ടില്ല. അങ്ങിനെ എടുത്തിട്ടില്ലാത്തിടത്തോളം കാലം നമ്മു ടെ ഗവമ്മെണ്ടിന്റെ കയ്യിലുള്ള പരിമിതമായ സാധനങ്ങൾ ആ സ്കൂളിൽ പഠിക്കാൻ തക്ക പ്രായമുള്ള ആളുകൾക്കു നൽകണൊ, അതൊ അവിടെ പഠിക്കാൻ പ്രായം അതിക്രമി ച്ചിരിക്കുന്നവർക്കു നൽകണൊ എന്ന കാര്യം ആലോചിക്കേണ്ടതാണു്.

മിസ്റ്റർ പി. കെ. ഡീവർ: തേഡ്ഫാറം പാസ്സാകാതെ ഫസ്റ്റ വയസ്സിനു മേലുള്ള എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നുള്ളതിനു കണക്കുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതൊക്കെ പറയാം. ഈ നിയമം ആരെ എ ങ്കിലും തോല്പിക്കാനുണ്ടാക്കിയതല്ല. ഒരു കുട്ടി അഞ്ചൊ ആറൊ വയസ്സിൽ ഒന്നാം ക്ലാസ്സിൽ ചേർന്നു എന്നു വിചാരിക്കുക. ആ കുട്ടിക്കു ഫൈവ് വയസ്സിൽ തേഡ്ഫാറം പാസ്സാകാം. എ ന്നിട്ടും ഫസ്റ്റ വയസ്സിനു മുമ്പു ഏഴാം ക്ലാസ്സു പാസ്സാകണമെന്നേ പറയുന്നുള്ളൂ. രോഗംകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടൊ ദാരിദ്ര്യം കൊണ്ടൊ മതപരമായ കാരണം കൊണ്ടൊ എന്തു കാരണം കൊണ്ടായാലും ഏതു വയസ്സിനു മുമ്പു തേഡ് ഫാറത്തിൽ എത്താൻ സാധിച്ചിട്ടില്ലെങ്കിൽ അങ്ങിനെയുള്ള വക്കു ചില പരിരക്ഷകം കൊടുത്തിട്ടുണ്ടു്. അതുപോലെ ഒന്നാം ക്ലാസ്സിൽ ഒരു കുട്ടിയെ ൫ വയസ്സിൽ കൊണ്ടുപോയി ചേത്താൽ ഒരു കൊല്ലവും തോല്ക്കാതെ പഠിക്കുകയാണെങ്കിൽ, ൬, ൭ വയസ്സാകുമ്പോഴേക്കും ൫-ാം ക്ലാസ്സു് പാസ്സാകും. എന്നാൽ ൬ വയസ്സുവരെ ൫-ാം ക്ലാസ്സിൽ പഠിക്കുവാനുള്ള അവസരം കൊടുത്തിട്ടുണ്ടു്. അപ്പോൾ നാലഞ്ചുകൊല്ലക്കാലം ആ കുട്ടിക്കു വല്ല കാരണവശാലും പഠിക്കാൻ അസൌകര്യം നേരിടുകയാണെങ്കിൽ, ൫-ാം ക്ലാസ്സു പാസ്സാകുവാനുള്ള സൌകര്യം കൊടുത്തിട്ടുണ്ടു്. എല്ലാ ക്ലാസ്സുകളിലും, ഓണ ഴ്സ് കോഴ്സ് പോലെ പഠിക്കുന്നതായാൽ, ൫-ാം ക്ലാസ്സിൽ എത്താൻ സാധിക്കുകയില്ല എന്നു മാത്രമേയുള്ളു. അങ്ങിനെ വേണമെന്നാണോ സഭ ആവശ്യപ്പെന്നതു്? ഇത്തരത്തിലുള്ള ഒരു ൫ം തിരുവിതാംകൂറിൽ ഉണ്ടു്; മറ്റു പല ദിക്കുകളിലുമുണ്ടു്. മെഡിക്കൽ കോളേജിൽ അഡ്മിഷനുള്ള നിബന്ധനയിൽ ഇത്ര വയസ്സിൽ കൂടിയാൽ അഡ്മിഷൻ കൊടുക്കാൻ പാടില്ലായെന്നുണ്ടു്. അതിൽ പറഞ്ഞ നിബന്ധനയിൽ ഒരു വയസ്സുപോലും കൂടിയാൽ അവിടെ അഡ്മിഷൻ കൊടുക്കുകയില്ല.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റാഫ്: ഒരാൾക്കും കൊടുത്തിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരാളുടെ കാര്യമല്ല സാമാന്യമായിട്ടുള്ള കാര്യമാണു ഞാൻ പറയുന്നതു്. എല്ലാ ൬ളകൾക്കും ചില എക്സംപ്ഷൻ ഉണ്ടു്. അതനുസരിച്ചു ചിലക്കു അഡ്മിഷൻ കൊടുത്തിട്ടുണ്ടാവാം. ഇവിടെയും അങ്ങിനെ ചെയ്തിട്ടില്ലായെന്നു പറഞ്ഞിട്ടില്ല. ഒന്നു രണ്ടു സംഗതികൾ കൂടി ഞാൻ ഇതിനെപ്പറ്റി പറയാം. ൬ വയസ്സു തികഞ്ഞ ഒരു കുട്ടിക്കുംകൂടി ൧-ാം ക്ലാസ്സിൽ പഠിക്കാൻ സാധിക്കണമെന്നാണു ഇവിടെ പറയുന്നതു്. നമ്മുടെ ഇടയിൽ അനേകം അദ്ധ്യാപകന്മാരും, അദ്ധ്യാപികമാരും ഉണ്ടാകേണ്ടതായിട്ടുണ്ടു്. അനേകം അദ്ധ്യാപികമാരെ സ്കൂളുകളിലും, കോളേജുകളിലും നിയമിക്കേണ്ടതായിവരും. വിദ്യാഭ്യാസം സാർവ്വത്രികമാകുമ്പോൾ, സ്ത്രീ വിദ്യാഭ്യാസം കൂടുതൽ പുരോഗമിക്കുമ്പോൾ കൂടുതൽ കൂടുതലായി സ്ത്രീകൾക്കു വിദ്യാഭ്യാസത്തിന്റെ ഭാരം ഏറ്റെടുക്കേണ്ടിവരും. അപ്പോൾ ൬ ം വയസ്സായ ഒരു പെൺകുട്ടിക്കു ഈ കാസ്സുകളിൽ പഠിക്കേണ്ട അവസരം അനുവദിക്കാൻ പാടില്ല. ഇപ്പോൾ നമ്മുടെ പള്ളിക്കൂടങ്ങളിൽ, ൫-ാം സ്റ്റാൻഡേർഡ് ക്ലാസ്സുകളിൽ ൧൨-ാം ൧൩-ാം വയസ്സു പ്രായമുള്ള കുട്ടികളും ഉണ്ടു്. ൫-ാം ൧൦-ാം ൧൨-ാം വയസ്സു പ്രായമുള്ള പിഞ്ചു പൈതങ്ങളും ഒരു ഭാഗത്തും, അതേ അവസരത്തിൽ അവരുടെ മാതാപിതാക്കന്മാർ ആകാൻ പ്രായമുള്ളവർ അടുത്ത സീറ്റുകളിലും ഇരുന്നു പഠിക്കണമെന്നു വിദ്യാഭ്യാസശാസ്ത്രജ്ഞന്മാർ വാദിക്കുമെന്നു എനിക്കു തോന്നുന്നില്ല.

Mr. P. A. Mohammed Ashroff *(Cranganur):* Even adult education is also a policy.

Mr. P. Govinda Menon *(Minister for Food and Education):* Mr. Ashroff, you understand what I say. Now I am expounding the Educational theory behind the Code. What do you understand by Adult Education? It is teaching the three "Rs"

അഡൽട്ട് എഡ്യുക്കേഷൻ എന്നു പറയുന്നതു സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിപ്പിക്കുന്ന പാഠങ്ങളും പഠിപ്പിക്കുവാനുള്ള ഒരു പ്രസ്ഥാനമാണെന്നു ആരും തെറ്റിദ്ധരിക്കരുതു്. ഈ കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. വിദ്യാഭ്യാസ പണ്ഡിതന്മാരും ഗംഭീരന്മാരായ ശാസ്ത്രജ്ഞന്മാരും വളരെക്കാലം ആലോചിച്ചു എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചില ശാസ്ത്രതത്വങ്ങളും നമ്മുടെ വിദ്യാഭ്യാസകോഡിൽ അംഗീകരിച്ചിരിക്കുന്നതു ഇപ്രകാരമുള്ള മറിച്ചോദ്യങ്ങളാകുന്ന കല്ലേറുതടുക്കുന്നതിനുവേണ്ടി ഈ സഭ തിരുത്തുമെന്നു ഞാൻ വിചാരിക്കുന്നില്ല. അഡൽട്ട് എഡ്യുക്കേഷൻ എന്നു പറയുന്നതു നമ്മുടെ നാട്ടിൽ നിർഭാഗ്യവശാൽ ചെറുപ്പകാലത്തു വിദ്യാലയങ്ങളിൽപോയി പഠിക്കാൻ സാധിക്കാതെവന്നിട്ടുള്ള പ്രായമായ ആളുകൾക്കു് ഇന്നത്തെ പരിഷ്കാരത്തിന്റെ അടിസ്ഥാനത്തിൽ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനുള്ള അവസാനത്തെ പരിശ്രമമാണു്. അല്ലാതെ അങ്ങിനെയുള്ളവരെ വ-ം, ൧൦-ം ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന പാഠവിഷയങ്ങളും പഠിപ്പിക്കാനുള്ള ശ്രമമല്ല. അതുകൊണ്ടു അഡൽട്ട് എഡ്യുക്കേഷൻ എന്നു പറയുന്നതു ൬ ം വയസ്സു മാത്രമല്ല അതിനപ്പുറം പ്രായമായവർക്കും കൊടുക്കുന്ന അക്ഷരാഭ്യാസമാണു്. അതിനാൽ ഈ ചോദ്യത്തിനു ഇവിടെ പ്രസക്തിയില്ല.

കോളേജ് വിദ്യാഭ്യാസത്തിനേറയും സെക്കണ്ടറി വിദ്യാഭ്യാസത്തിനേറയും തത്വങ്ങളുംതന്നെ വിഭിന്നങ്ങളും ആണു്. കോളേജുകളിൽ മിക്സ്ഡ് എഡ്യുക്കേഷൻ ആകാമെന്നാണു്: അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

തു ഒരുപക്ഷെ നല്ലതാണെന്നാണ് ഇന്നത്തെ പല എഴുത്തുകാരും പറയുന്നത്. അതുപോലെ പ്രൈമറി ക്ലാസ്സുകളിലും മിക്സഡ് എഡ്യൂക്കേഷൻ ആകാമെന്നാണ് പറയുന്നത്. എന്നാൽ സെക്കണ്ടറി സ്കൂളുകളും പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും പ്രത്യേകമുണ്ടായിരുന്നാൽ അതു നല്ലതാണെന്നു പറയുന്നു. അതുകൊണ്ടു കോളേജ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനവും, ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനവും തമ്മിൽ വ്യത്യാസമുണ്ട്. ൬ ൦—൯ ൦ വിദ്യാർത്ഥികളെ ഒരുമിച്ചിരുത്തി അവക്ക് ഗഹനമായ വിഷയങ്ങൾ പ്രസംഗവേദിയിൽവെച്ചു വിശദീകരണം ചെയ്തുകൊടുക്കുന്ന പ്രൊഫസർമാരുടെ സ്ഥാനമെവിടെ? അതേസമയത്തു ൧൦—൯ ൦ കുട്ടികളെ ഒരു ക്ലാസ്സിൽ ഇരുത്തി പഠിപ്പിച്ചു അവരുടെ ബുദ്ധിയെ വികസിപ്പിക്കാൻ തീവ്രശ്രമം ചെയ്യുന്ന സെക്കണ്ടറി വിദ്യാലയത്തിലെ അദ്ധ്യാപകന്മാരുടെ സ്ഥാനമെവിടെ? ഇതു് രണ്ടും തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല. ഇങ്ങിനെയുള്ള സെക്കണ്ടറി ക്ലാസ്സുകളിൽ ൧൩ വയസ്സു കഴിയുന്നതുവരേയും വു, ൻ, ൧൦ ഈ ക്ലാസ്സുകളിൽ ൬൦ വയസ്സു കഴിയുന്നതുവരേയും സാമേന്യേനവിദ്യാഭ്യാസം നടത്താം എന്നു മാത്രമാണ് ഇതു സിദ്ധാന്തിക്കുന്നതു. ഈ നിയമം അതേപടിയാതൊരു വിധത്തിലുള്ള നീക്കുപോക്കു ചെയ്യാതെ നടപ്പിൽ വരുത്തുകയാണെങ്കിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകും എന്നു ഗവണ്മെണ്ടു മനസ്സിലാക്കീട്ടുണ്ടു്. ഇവിടെ പ്രസംഗിച്ച എന്റെ ഒരു സ്നേഹിതൻ പ്രത്യേകമായിട്ടുള്ള ഏതാനും വ്യക്തികളുടെകാര്യം മനസ്സിൽ വെച്ചുകൊണ്ടായിരിക്കണം ഇതിന്റെ എതിർവശത്തെക്കുറിച്ചു പറഞ്ഞതു എന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ മന്ത്രികൂടി ആവർത്തിക്കുന്നു. രോഗ കാരണത്താലും മതപരമായ കാരണങ്ങളാലും മറ്റു പല കാരണങ്ങളാലും ഇതുകൊണ്ടു ബുദ്ധിമുട്ടുണ്ടായിയെന്നുവരാം. ഉദാഹരണമായി ൬ ൦-ാമത്തെ വയസ്സിൽ സ്കൂൾഫൈനൽ ക്ലാസ്സിൽ എത്തിയ ഒരു കുട്ടിക്കു രണ്ടുമാസം സ്കൂളിൽ വരാൻ സാധിക്കാതെ വരുകയാണെങ്കിൽ ആ കാരണത്താൽ അയാളെ പുറത്താക്കാൻ പോകുന്നില്ല ഇങ്ങിനെയുള്ള അത്യാവശ്യമായ കാര്യങ്ങൾക്കു് കൂളിൽ നിന്നു എക്സംപ്ഷൻ കൊടുക്കുന്നതിനു വിദ്യാഭ്യാസഡയറക്ടർക്കു അധികാരമുണ്ടു്. ഈ അധികാരം ഗവണ്മെണ്ടിന്റെ കയ്യിൽ എന്നും ഇരിക്കുന്നതായിരിക്കും. അതുകൊണ്ടു എനിക്കു ഈ സഭയെ ഈ അവസരത്തിൽ ഉൽബോധിപ്പിക്കാനുള്ളതു്, മുസ്ലീമിങ്ങൾക്കും അധഃകൃതർക്കും അതുപോലെ വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നവർക്കും പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും, മറ്റെല്ലാജനവിഭാഗങ്ങളിൽപെട്ട ആളുകൾക്കു് അവരുടെ കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം കൊടുക്കുന്നതിനു വേണ്ടിയാണു് ഈ നിയമം ഉണ്ടാക്കീട്ടുള്ളതാണു്. മനഃശാസ്ത്രജ്ഞന്മാർ പറയുന്നതു ൧൧ വയസ്സായ ഒരു കുട്ടിയും ൯ ൦ വയസ്സായ ആളും ഒരുമിച്ചിരുന്നു പഠിയ്ക്കുന്നപക്ഷം ഒരു സ്കൂളിൽ ഒരേപ്രായത്തിലുള്ള കുട്ടികൾ ഇരുന്നു പഠിക്കുമ്പോൾ ഉണ്ടാകുന്നതായ ആ ബന്ധം ഉണ്ടാകയില്ലായെന്നാണു്. ഇതു നാം ആലോചിക്കണം. ചുരുക്കത്തിൽ ഒരു സ്കൂളിൽ പഠിക്കുന്നവരെല്ലാം സ്കൂൾകുട്ടികളാണു് എന്നു പറയാൻ സൌകര്യമുണ്ടാകണം. അതിനുവേണ്ടിയുള്ള ഒരു നിയമമാണിതു്. സ്കൂൾ അമ്മമാർ എന്നും സ്കൂൾ അപ്പന്മാർ എന്നും പറയാൻ ഇടയാകരുതു്. സ്കൂളിൽ പഠിക്കുന്നതു സ്കൂൾകുട്ടികൾതന്നെ ആയിരിക്കണം. അതിനുവേണ്ടിയാണു് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു്. എന്നാൽ ചില സമുദായങ്ങളിലെ കുട്ടിക്കു വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുകാലം വൈകി എന്നു വരാം. ഉദാഹരണമായി നമ്പൂതിരിമാരുടെ കുട്ടികളെ ഓത്തു പഠിപ്പിച്ചുശേഷമെ സ്കൂളിൽ അയക്കാറുണ്ടായിരുന്നുള്ളു. ഇപ്പോൾ അതിനു വ്യത്യാസം വന്നിട്ടുണ്ടു്. അതുപോലെ മിസ്സർ അഹ്മ്മദിന്റെ സമുദായത്തിൽപെട്ട പലരും ഖുറാനും, അറബിയും പഠിപ്പിച്ചശേഷമേ കുട്ടികളെ സ്കൂളിലേക്കയക്കുന്നുള്ളു എന്നു പറയുന്നുണ്ടു്. ദാരിദ്ര്യത്താലും മറ്റു പല കാരണങ്ങളാലും പല സമുദായങ്ങളിലേയും കുട്ടികൾക്കു കാലം വൈകിയിട്ടേ സ്കൂളിൽ ചേരാൻ സാധിച്ചുള്ളു എന്നുവരാം. അങ്ങിനെയുള്ളവക്കു അവരുടെ കാര്യത്തിന്റെ ഗൌരവമനുസരിച്ചു വേണ്ട സൌകര്യങ്ങൾ ചെയ്യാൻ ഇതിൽ നിയമമുണ്ടു്. ഇരുവശത്തെ ആനുകൂല്യങ്ങൾ വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു ചെയ്യാൻ സന്നദ്ധത കാണിക്കുന്ന ഈ ഡിപ്പാർട്ടുമെണ്ടു് ഇങ്ങിനെ ഒരു നിയമം കൊണ്ടുവന്നിട്ടുള്ളതു വിദ്യാഭ്യാസത്തിന്റെ മേൽഗതിയ്ക്കല്ല, അതിനു ദോഷമുണ്ടാകുവാനാണു് എന്നു ചിലർ പറഞ്ഞതിൽ ഞാൻ ഖേദിക്കുന്നു. ഈ വക കൂളുകൾ എല്ലാ ദിക്കുകളിലുമുണ്ടു്. ശരിയായ വിദ്യാഭ്യാസം കൊടുക്കുന്നതിനുവേണ്ടിയാണു് എൽ. ടി. യും, ബി. ടി. യും മാറ്റം പാസ്സാകണമെന്നു പറയുന്നതു്. ബി. ടി. പാസ്സായവരാണു് ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കാൻ വരുന്നത്. അവക്കു ശരിയായ പരിശീലനം കൊടുക്കുന്നതിനാണു് ട്രെയിനിങ്ങ് കോളേജ് വെച്ചിട്ടുള്ളതു്. ഇതിന്റെ മനഃശാസ്ത്രപരമായ പരിശീലനമാണു്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ കൊടുക്കുന്നതു്. അതനുസരിച്ചിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണു് ഇവിടെ രൂപീകരിച്ചിട്ടുള്ളതു്. ഇങ്ങിനെയുള്ള സാമാന്യ തത്വങ്ങളാണു് ഈ കോഡിൽ എഴുതിയിട്ടുള്ളതു്. അതിഗംഭീരന്മാരായ വിദ്യാഭ്യാസപണ്ഡിതന്മാരാണു് ഇതു എഴുതിയിട്ടുള്ളതു്. ഇതിലുള്ള ചില ന്യൂനതകൾ അപ്പോഴപ്പോൾ ഗവൺമെണ്ടു് കല്പനമൂലം പരിഹരിക്കുന്നുണ്ടു് എന്നുള്ളതുകൊണ്ടു് ഏറ്റവും നല്ല ഈ നിയമത്തെ നീക്കികളയരുതു എന്നു ഞാൻ ഈ സഭയോടാവശ്യപ്പെടുന്നു. തിരുവിതാംകൂറിൽ ഇങ്ങിനെ ഒരു നിയമമുണ്ടാക്കിയപ്പോൾ അവിടത്തെ സ്കൂളുകളിൽ നിന്നും പുറത്താക്കപ്പെട്ട പലരും കൊച്ചിയിൽ വന്നു ചേരുകയാണുണ്ടായതു്. നമ്മുടെ അതുത്തിപ്രദേശത്തിലുള്ള പലരും ഇവിടത്തെ സ്കൂളിൽ വന്നുചേർന്നു. ഇവിടെ ഇങ്ങിനെ ഒരു നിയമമില്ലാത്തതുകൊണ്ടാണു് അവർ ഇവിടെ വന്നുചേർന്നതു്. അതുകൊണ്ടു് വലിയ പണ്ഡിതന്മാർ ചേർന്നു് ആലോചിച്ചുണ്ടാക്കിയ വിഷയം, താല്ക്കാലികമായ ആവേശംകൊണ്ടൊ, താല്ക്കാലികമായ തെറ്റിദ്ധാരണകൊണ്ടൊ, താല്ക്കാലികമായ യുക്തികൊണ്ടൊ, അതു മാറ്റേണ്ടതാണു്, അയുക്തമാണു്, തെറ്റാണു് എന്നൊന്നും പറയാൻ മതിരാതെ അതുകൊണ്ടു വല്ല കഴപ്പുവുമുണ്ടെങ്കിൽ അതു തീരാനുള്ള നടപടിയെടുക്കാൻ ഗവൺമെണ്ടിനോടാവശ്യപ്പെട്ടാൽ മതി. അതു ചെയ്യാൻ ഗവൺമെണ്ടു് ഒരുക്കമാണു്. അതുകൊണ്ടു് ഏറ്റവും ന്യായരായ ഈ നിയമം തുടർന്നുകൊണ്ടുപോകാൻ സഭ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ നിയമം വിദ്യാഭ്യാസകോഡിൽനിന്നു എടുത്തുകളയുവാൻ നിവൃത്തിയില്ലെന്നു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പറയുന്നു. ഈ സഭയിലെ ഒന്നുരണ്ടുപേർ ഒഴിച്ചു ബാക്കിയുള്ള എല്ലാവരും ഈ പ്രമേയത്തിൽ പറയുന്ന കാര്യത്തോടു പൂർണ്ണമായി യോജിക്കുകയാണു് ചെയ്തതു് എങ്കിലും ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി, ഈ നിയമം എടുത്തു കളയുവാൻ ആഗ്രഹിക്കുന്നില്ല എന്നു പറഞ്ഞതു വളരെ പരിതാപകരമാണു്. അയൽരാജ്യങ്ങളിലും ഇതുപോലെയുള്ള നിയമം നടപ്പുണ്ടെന്നു അദ്ദേഹം പറയുന്നതു വാസ്തവമായിരിക്കാം. പക്ഷെ, എന്റെ അറിവിൽ പെട്ടിടത്തോളം ബ്രിട്ടീഷ് മലബാറിൽ ഇങ്ങിനെയുള്ള ഒരു നിയമം ഇല്ലെന്നാണു് അറിയുന്നതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽനിന്നു ഒരു കാര്യം വ്യക്തമാണു്. അവശസമുദായത്തിൽപെട്ട വളരെ അധികം ആളുകൾക്കു ഈ നിയമംമൂലം വളരെ അധികം ബുദ്ധിമുട്ടു നേരിടും. രോഗകാരണത്താലൊ, മറ്റു പല കാരണങ്ങളാലൊ, ഈ നിയമംമൂലം വാസ്തവത്തിൽ അവർക്കു കുറെ ദോഷം വരാൻ ഇടയുണ്ടെന്നു അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ടു്. തീച്ചയായും ഈ നിയമം ബാധിക്കുന്നതു ദരിദ്രക്കും വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന സമുദായത്തിൽപെട്ടവർക്കു മാണെന്നു പറയാതെ ഗത്യന്തരമില്ല. ഇന്നത്തെ ആചാരങ്ങൾ നാളത്തെ നിയമമാകുന്നതുപോലെ ഇന്നു നാം സ്വീകരിക്കുന്ന തത്വങ്ങൾ നാളെ മാറിയെന്നും വരാം. ഈ നിയമം നിയമപണ്ഡിതന്മാരും വിദ്യാഭ്യാസവിചക്ഷണന്മാരും അടങ്ങിയിട്ടുള്ള ഒരു കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണു് വിദ്യാഭ്യാസകോഡിൽ ഉൾപ്പെടുത്തിയതു് എന്നു ബഹുമാനപ്പെട്ട മന്ത്രി അവർകൾ പറയുന്നതു ശരിതന്നെ. ഈ വ്യവസ്ഥ ദോഷമാണെന്നുണ്ടെങ്കിൽ തീച്ചയായും അതു പരിഹരിക്കണമെന്നു മാത്രമാണു ഞങ്ങൾ ആവശ്യപ്പെടുന്നതു്. ഏതാനും ചില വ്യക്തികളെ ഉദ്ദേശിച്ചുമാത്രം ഇവിടെ കൊണ്ടുവന്നിട്ടുള്ളതാണെന്നുള്ള ഒരു തെറ്റിദ്ധാരണ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽനിന്നു് ഇവിടെ ചില ആളുകൾക്കു് ഉണ്ടാകാനിടയുണ്ടു്. അദ്ദേഹം അങ്ങിനെ പറഞ്ഞതിൽ ഞാൻ വ്യസനിക്കുന്നു. തീച്ചയായും ഇന്നു നാം സ്വീകരിക്കുന്ന ആദർശങ്ങൾ പ്രായോഗികവും, നിർദ്ദോഷവും ആകണമെന്നുള്ളതുമാത്രമാണു് നമ്മുടെ ആഗ്രഹം. ഏതൊരു തത്വത്തെ അടിസ്ഥാനമാക്കിയാണോ ഈ വ്യവസ്ഥ സ്വീകരിച്ചിട്ടുള്ളതു്, ആ തത്വം ഇവിടത്തെ ബഹുഭൂരിപക്ഷം വരുന്ന സാമാന്യജനങ്ങൾക്കു് ഉപദ്രവകരമാണു്, തന്മൂലം ആ വ്യവസ്ഥയും വിദ്യാഭ്യാസകോഡിൽനിന്നു് എടുത്തുകളയണമെന്നാണു് വളരെ ശക്തിയായി ഗവൺമെണ്ടിനെ ഞാൻ വീണ്ടും ഉൽബോധിപ്പിക്കുന്നതു്. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ സി. എസ്സ്. പണിക്കരുടെ സമുദായത്തിൽപെട്ട ദരിദ്രരേയും ഈ നിയമം ബാധിക്കുമെന്നു് എനിക്കറിവു പറയാൻ സാധിക്കും. അതുപോലെ എഴുത്തശ്ശന്റെ സമുദായത്തിൽപെട്ട ദരിദ്രരേയും ഈ നിയമം ബാധിക്കും. ഞാൻ പറയുന്നതു് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള തത്വം പൊതുവെ നിർദ്ദോഷമല്ലെന്നു തോന്നുകയാണെങ്കിൽ ആ തത്വം മാറ്റണം; അതിനെ അടിസ്ഥാനമാക്കിയുള്ള നിയമവും മാറണം; മാറ്റണം. തത്വം എന്നും സ്ഥിരമായിട്ടുള്ളതല്ല. ഇന്നത്തെ തത്വം നാളെ മാറിയെന്നുവരാം. അതുപോലെ ഇന്നത്തെ നിയമവും നാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

ളെ മാറിയെന്നു വരും. അതുകൊണ്ടു ഏറ്റവും നിർദ്ദോഷവും, ഏറ്റവും പ്രായോഗികവുമായ തത്വവും നിയമവുമാണു് നാം ഇന്നു സ്വീകരിക്കേണ്ടതു് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ നിയമം മാറ്റുവാൻ പാടില്ലായെന്നുള്ളതാണു് ഗവമ്മെണ്ടിന്റെ അഭിപ്രായമെങ്കിൽ തന്മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആളുകൾക്കു് ഈ നിയമത്തിൽനിന്നു Exemption കൊടുക്കണമെന്നുള്ളതു് അത്യാവശ്യമാണു്. മറച്ചുകൂടാത്തതാണു്.

Mr. P. Govinda Menon *(Minister for Food and Education):* For fit and proper cases it will be done.

മിസ്റ്റർ കെ. കെ. കണ്ണൻ: Thank you Sir, അതുകൊണ്ടു ഇതിനെ സംബന്ധിച്ചു കൂടുതൽ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. സഭയുടെ അനുവാദത്തോടുകൂടി ഈ കട്ടുമോഷൻ പിൻവലിച്ചുകൊള്ളുന്നു.

Motion by leave, withdrawn

(vii) Education of Muslims—Encouragement of

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: സർ, ഇതാണു് എന്റെ കട്ടുമോഷൻ. To reduce the allotment of Rs. 62,19,604 for Education in Demand No. 23 by Re. 1 (To urge upon the Government the imperative necessity of showing more favour towards Muslims for their educational improvement.) മിസ്റ്റർ പ്രസിഡണ്ടു് സർ, വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന ഒരു സമുദായക്കാരാണു് മുസ്ലീമിങ്ങൾ എന്നുള്ളതു് എല്ലാവർക്കുമറിയാവുന്ന ഒരു പരമാർത്ഥമാണു്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു് ഗവമ്മെണ്ടു് പല ആനുകൂല്യങ്ങളും മുസ്ലീമിങ്ങൾക്കു് ചെയ്തുകൊടുത്തിട്ടുള്ളതു്. എന്നാൽ ഇന്നത്തെ നില നോക്കുമ്പോൾ, ഗവമ്മെണ്ടിൽനിന്നു ചെയ്തുകൊടുത്തിരുന്ന ചില ആനുകൂല്യങ്ങൾ ഇപ്പോൾ വെട്ടിച്ചുരുക്കിയതിന്റെ ഫലമായി പല വിധത്തിലുള്ള ദോഷങ്ങൾ മുസ്ലീമിങ്ങൾക്കു വിദ്യാഭ്യാസപരമായി നേരിട്ടിട്ടുണ്ടു്. അതിനെ സംബന്ധിച്ചിട്ടുള്ള ദോഷങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനും, അങ്ങിനെ വിശദീകരിക്കാനും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കാണുവാനുംവേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ന്യായമായി മുസ്ലീമിങ്ങൾക്കു നല്കിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുവാൻ ഗവമ്മെണ്ടിനു എന്തെങ്കിലും പ്രേരണ നല്കീട്ടുണ്ടെങ്കിൽ ആ പ്രേരണ എന്താണെന്നു മനസ്സിലാകുന്നില്ല.

Mr. P. Govinda Menon *(Minister for Food and Education):* Without interruption I may not get time to answer this cut motion, and therefore, if this generalisation is made, it may go unanswered. Therefore, I would request the Hon'ble member to categorically state in what direction the concessions to Muslim pupils have been taken away. My contention will be that it has been considerably increased in recent years.

Mr. President: The cut motion is for showing more favour towards Muslims for their educational improvement.

Mr. P. Govinda Menon *(Minister for Food and Education):* In view of the Hon'ble Members generalisation I would request him in fairness to me, to the Government and to his own community, to state in what directions the improvements have to be effected?

Mr. President: The Hon'ble Member will please explain in what direction the improvements have to be effected.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: മുമ്പു് സ്റ്റൈപ്പെൻഡു് കിട്ടിയിരുന്ന എല്ലാ മുസ്ലീം വിദ്യാർത്ഥികൾക്കും ഇപ്പോൾ അതു കൊടുക്കണമെന്നുള്ളതാണു് എന്റെ അഭ്യർത്ഥന. ഇങ്ങിനെ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നതിൽ വിദ്യാഭ്യാസപരമായി എന്റെ സമുദായം മുമ്പോട്ടു പോയിട്ടില്ലായെന്നാണു് എന്റെ അഭിപ്രായം. കോളേജിൽ B.A. ക്ലാസ്സിലും മറ്റും പല മുസ്ലീം വിദ്യാർത്ഥികളേയും എടുക്കാതെ വരുന്നുണ്ടു്. അവർക്കെല്ലാം അവിടെ പ്രവേശനം നല്കാൻ സൌകര്യമുണ്ടാക്കണം. അതുപോലെ ഇൻറർമീഡിയറേറ് ക്ലാസ്സിലും കുറച്ചുകൂടി ആനുകൂല്യങ്ങൾ ഗവമ്മെണ്ടു് അവർക്കു ചെയ്തുകൊടുക്കണം. ഈ സംസ്ഥാനത്തു് എല്ലായിടത്തും മുസ്ലീമിങ്ങൾക്കു വിദ്യാഭ്യാസത്തിനു വേണ്ട പ്രോത്സാഹനം നൽകണം. കൊല്ലം താലൂക്കിലെ മുസ്ലിംവിദ്യാർത്ഥികളെ സാങ്കേതികവിദ്യാഭ്യാസത്തിനായക്കണം. ഇന്നു സ്റ്റേറ്റിലെ മുസ്ലീമിങ്ങൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിട്ടാണു നില്ക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly